
www.malankaralibrary.com

# കാരുണികൻ

Vol.19 No. 05 May 2022

സമഗ്ര ദൈവശാസ്ത്ര മാസിക



വചനബോധി

മലങ്കര

www.malankaralibrary.com



പത്രാധിപസമിതി
- ഫാ.ജോയി ചെഞ്ചേരിൽ (എഡിറ്റർ)
- ഫാ.ജോസഫ് കൊല്ലംപറമ്പിൽ
- ഫാ.സ്റ്റെബിൻ വിതയത്തിൽ

## ഉള്ളടക്കം

മെയ് 29
**ഉയിർപ്പിനുശേഷം 6-ാം ഞായർ** :77
യോഹ 16:5-11
- ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ
- ഫാ. ജെറിൻ വലിയപറമ്പിൽ MCBS

ജൂൺ 05
**പെന്തിക്കോസ്തി തിരുനാൾ** :82
യോഹ 14:15-24
- ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ
- ഡോ. മജോ മരോട്ടിക്കൽ

ജൂൺ 12
**പെന്തിക്കോസ്തിക്കുശേഷം 1-ാം ഞായർ** :91
യോഹ 6:25-33
- ഡോ. സി. ലിന്റ പുളിക്കത്തടത്തിൽ SH
- ഫാ. ജോസ് മരിയദാസ് OIC

ജൂൺ 19
**പെന്തിക്കോസ്തിക്കുശേഷം 2-ാം ഞായർ** :97
മത്താ 10: 28-42
- ഡോ. പോൾ കുഞ്ഞാനായിൽ MCBS
- ഫാ. മാത്യു ചിറയിൽ

ജൂൺ 24
**തിരുഹൃദയ തിരുനാൾ** :102
- ഡോ. റോയി പുളിയുറുമ്പിൽ MCBS

ജൂൺ 26
**പെന്തിക്കോസ്തിക്കുശേഷം 3-ാം ഞായർ** :104
യോഹ 6:35-46
- ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ
- സഖേറച്ചൻ

www.malankaralibrary.com


## മെയ് 29
## ഉയിർപ്പിനുശേഷം 6-ാം ഞായർ

# ഭാഷ്യം

## യോഹ 16:5-11

### സന്ദർഭം

വിശുദ്ധ യോഹന്നാന്റെ സുവിശേഷം 13-ാം അധ്യായം മുതൽ ഈശോയുടെ വിടവാങ്ങൽ പ്രസംഗവും അതിനോടുചേർന്നുള്ള പ്രവർത്തനങ്ങളുമാണ് വിവരിക്കുന്നത്. 13-ാം അധ്യായം ആരംഭിക്കുന്നതുതന്നെ ലോകത്തിൽനിന്ന് പിതാവിന്റെ പക്കലേക്ക് പോകേണ്ട മണിക്കൂർ ആയെന്ന് അവൻ അറിഞ്ഞു എന്ന ആമുഖത്തോടെയാണ്. സുവിശേഷത്തിൽ ശിഷ്യന്മാർ ഈശോയുടെ വിടവാങ്ങലിനെക്കുറിച്ച് ചോദിക്കുന്നുണ്ട്. പത്രോസ്ചോദിച്ചു. കർത്താവേ നീ എവിടെ പോകുന്നു (13:36). തോമസും ഇതുപോലെയൊരു ചോദ്യം ചോദിക്കുന്നുണ്ട്: കർത്താവേ നീ എവിടെ പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും (14:5). ഈശോ പറയുന്നത് ഈ ലോകത്തിൽ മറ്റെവിടേക്കെങ്കിലും താൻ പോകുന്ന കാര്യമല്ല മറിച്ച് വ്യക്തമായി പറയുന്നു താൻ പോകുന്നത് പിതാവിന്റെ പക്കലേക്കാണ് (14:28). അവിടെനിന്നും പരിശുദ്ധാരൂപിയെ അതായത് സത്യാരൂപിയെ അയയ്ക്കും (14,16.17.26; 15,26). എന്നാൽ, പിതാവിന്റെ പക്കൽ പോകും എന്ന് പറഞ്ഞിട്ടും, അവിടെനിന്ന് പരിശുദ്ധാരൂപിയെ അയക്കും എന്ന് പറഞ്ഞിട്ടും അതിനെക്കുറിച്ച് ശ്ലീഹന്മാർ ഒന്നും ചോദിക്കുന്നില്ല. ശിഷ്യന്മാർ കർത്താവിന്റെ വേർപാടിനെക്കുറിച്ച് കേട്ടപ്പോൾ ദുഃഖപൂരിതരായിരുന്നു. അതിന്റെ ലക്ഷ്യമെന്തെന്നോ, എന്താണ് ഈ വേർപാടിൻ ലക്ഷ്യം എന്നോ അവിടന്ന് നല്കു

www.malankaralibrary.com

മെന്ന് പറഞ്ഞ പരിശൂദ്ധാരൂപിയുടെ ദൗത്യം എ ന്തെന്നോ ഒന്നും ചോദിക്കുന്നില്ല ഈ സാഹചര്യത്തിൽ ഈശോ അവരോട് പറയു ന്നതാണ് ഇന്നത്തെ വചനഭാഗം.

## സാരം

വ്യക്തമായ വാക്കുകളിൽ അവിടന്ന് കാര്യങ്ങൾ എന്തെന്ന് പറ യുകയാണ്. സത്യം ഞാൻ നിങ്ങളോടു പറയുന്നു (16:7). സത്യം എന്താണ് എന്ന് യോഹന്നാൻ ശ്ലീഹാ പറയുന്നുണ്ട് (3,33; 8,45.46; 14,6; 17,3.17). സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു എന്ന വാക്കുകളോടെയാണ് യോഹന്നാൻ സുവിശേഷത്തിൽ ഈശോ പഠിപ്പിക്കുന്നത് (1,51; 3,3.5.11,; 5,19.24.25; 6,26.32.47.53; 8,34.51.58; 10,1.7; 12,24; 13,20.21.38; 14,12; 16,20.23; 21,18). സത്യം എന്നത് ഈശോ നല്കുന്ന വെളിപ്പെടുത്തലുകളാണ്. ഇവിടെയും ഈശോ തന്റെ വേർപാടിന്റെ ലക്ഷ്യത്തെക്കുറിച്ചും പരിശുദ്ധാരൂപിയുടെ പ്രവർത്ത നങ്ങളെക്കുറിച്ചു വെളിപ്പടുത്തുകയാണ്. താൻ പിതാവിന്റെ സന്നി ധിയിലേക്ക് പോകുന്നതിന്റെ ലക്ഷ്യം ഈശോ മുൻകൂട്ടി പറഞ്ഞി രുന്നു. ശിഷ്യർക്ക് സ്ഥലമൊരുക്കാനാണ് അവിടന്ന് പോകുന്നത് (14:2) വലിയ ജോലികൾചെയ്യുന്നതിന് യോഗ്യരാക്കുന്നതിന് (14:12) കൂടു തൽ അറിവ് ലഭിക്കും (14:20), സഹായകനായ പരിശുദ്ധാരൂപിയെ അയയ്ക്കും. മിശിഹായുടെ പ്രവർത്തിയുടെ ഫലമായാണ് പരിശു ദ്ധാരൂപിയെ ലഭിക്കുന്നത്. ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ നിങ്ങളുടെ പക്കലേക്ക് വരുകയില്ല (14:7). മിശിഹായുടെ ദൗത്യം തുടരുന്ന പരിശുദ്ധാരൂപിയേലാണ് സുവിശേഷകൻ ഇവിടെ വെളി പ്പെടുത്തുന്നത്. വിചാരണയുടെയും വിധിയുടെയും കാര്യങ്ങളാണ് 8-11 വാക്യങ്ങളിൽ പറയുന്നത്. സവിശേഷത്തിൽ ആദ്യഭാഗത്ത് വിധി കർത്താവായി ഈശോയെ ചിത്രീകരിച്ചിരിക്കുന്നത് (3,19; 8,26; 9,39) എന്നാൽ, പരിശുദ്ധാമാവ് വിചാരണനടത്തും എന്ന് സുവിശേഷകൻ ഓർമിപ്പിക്കുന്നു. മൂന്നു കാര്യങ്ങളാണ് പ്രത്യേകം പറയുന്നത് 1. മിശി ഹായെ സ്വീകരിക്കാതെ തള്ളിക്കളഞ്ഞത് അടിസ്ഥാനപാപം. 2. മി ശിഹാ കുറ്റവാളിയായി വിധിക്കപ്പെട്ടെങ്കിലും നീതിവിജയിക്കുകയും പിതാവിന്റെ സന്നിധിയിലേക്ക് സംവഹിക്കപ്പെടുകയും ചെയ്തു. 3. മിശിഹായുടെ മരണത്തിലൂടെ ലോകത്തിന്റെ അധികാരി പിശാച്

www.malankaralibrary.com

പുറംതള്ളപ്പെട്ടിരിക്കുന്നു. പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും ലോകത്തെകുറ്റപ്പെടുത്തുമെന്നാണ് പറഞ്ഞത്. പരിശുദ്ധാതമാവ് വന്നയവസരത്തിൽ പത്രോസ് ശ്ലീഹായുടെ പ്രസംഗത്തിൽ ഈ മൂന്നു കാര്യങ്ങളും പ്രതിപാദിക്കുന്നു (അപ്പ 2). പാപത്തെക്കുറിച്ച് - അധർമികളുടെ കൈകളാൽ ക്രൂശിക്കപ്പെട്ടു. നീതിയെക്കുറിച്ച് - ദൈവം അവനെ മൃത്യുപാശത്തിൽനിന്ന് ഉയിർപ്പിച്ചു. ന്യായവിധിയെക്കുറിച്ച് - തന്റെ വലത്തുവശത്തിരുത്തി. നിന്റെ ശത്രുക്കളെ എന്റെ പാദപീഠമാക്കുവോളം നീ എന്റെ വലത്തുവശത്തിരിക്കുക. (സങ്കീ 110:1).

## സന്ദേശം

ഈ വചനഭാഗത്തിലൂടെ നല്കുന്ന സന്ദേശം പരിശുദ്ധാരൂപിയിലൂടെ ലഭിക്കുന്ന അനുഗ്രഹങ്ങൾ പ്രാപിക്കാൻ ഒരുങ്ങിയിരിക്കുക. അതനുസരിച്ച് ജീവിതത്തെ നവീകരിക്കുക എന്നതാണ്. പരിശുദ്ധാരൂപിയുടെ നിരവധിയായ അനുഗ്രഹങ്ങൾ ലഭിക്കും. ദൈവവചനം ധൈര്യസമേതം പ്രഘോഷിക്കാനുള്ള കഴിവ് (അപ്പ 1,8; 4:31) സത്യം കാത്തു സൂക്ഷിക്കാനും അതിന്റെ പൂർണതയിൽ അറിയാനുമുള്ള കൃപാവരം (യോഹ 16:13) പീഡകൾ സഹിക്കേണ്ടിവരുമ്പോൾ മിശിഹായ്ക്കു സാക്ഷ്യം വഹിക്കാനുള്ള കൃപ (ലൂക്ക 12:11-12) നീതിപൂർവകമായ നിയമത്തിന്റെ അനുശാസനം നിറവേറ്റി ജീവിക്കുക (റോമ 8:4).

**ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ**

www.malankaralibrary.com

# പ്രസംഗം

## സഹായകൻ വരും

ഈശോ ലോകം വിട്ട് പിതാവിന്റെ പക്കലേക്കുപോവുകയാണ് എന്നു പറഞ്ഞപ്പോൾ ശിഷ്യന്മാർക്ക് വലിയ മനഃപ്രയാസമായി. ജീവനുതുല്യം സ്നേഹിച്ചിരുന്ന ശിഷ്യന്മാരുടെ അവസ്ഥ മനസ്സിലാക്കി ഈശോ, അവരെ ആശ്വസിപ്പിക്കുകയാണ്; പരിശുദ്ധാത്മാവ് വരും, നിങ്ങളുടെ കൂടെ എന്നും എപ്പോഴും അവനുണ്ടാവും. നമ്മുടെകൂടെയുള്ളവരെ, നമ്മുടെ കുടുംബാംഗങ്ങളെ, നമ്മുടെ സമൂഹാംഗങ്ങളെ അവരുടെ സങ്കടങ്ങളിൽ ഒന്നാശ്വസിപ്പിക്കാൻ, അവരുടെ ബുദ്ധിമുട്ടുകളിൽ, ഇല്ലായ്മകളിൽ അവരെ ചേർത്തുപിടിക്കാൻ, 'സാരമില്ല' 'സഹായകനായ പരിശുദ്ധാത്മാവ് കൂടെയുണ്ട്' എന്ന് അവരോടുപറഞ്ഞു ശക്തിപ്പെടുത്താനും നമുക്കാവട്ടെ.

യുദ്ധവും കൊല്ലും കൊലയും അഴിഞ്ഞാടുകയും അധാർമികത തഴച്ചുവളരുകയും മഹാമാരികളും പ്രകൃതിദുരന്തങ്ങളുമൊക്കെ അരങ്ങുതകർക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെപ്പറ്റി നാം ബോധ്യമുള്ളവരാകണം. ഈശോ പറഞ്ഞതുപോലെ പരിശുദ്ധാത്മാവ് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. പക്ഷേ ആ ബോധ്യം വേണ്ടവിധത്തിൽ സ്വീകരിക്കാനോ വേണ്ടവിധം ജീവിക്കാനോ പലർക്കും കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് വാസ്തവം. ചെയ്യുന്നതു തിന്മയാണെന്നും അത് എന്റെ ആത്മനാശത്തിലേക്കുനയിക്കും എന്നറിഞ്ഞുകൊണ്ടുതന്നെയാണ് പലരും തെറ്റുചെയ്യുന്നത്. നീതി നടപ്പിലാക്കേണ്ടവർതന്നെ നീതിരഹിതമായി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ആര് ആരെയാണ് തിരുത്തേണ്ടത്.

'സഹായകൻ' എന്ന് ഈശോ പരിശുദ്ധാത്മാവിനെ വെളിപ്പെടുത്തിയത് വെറുതെയല്ല – ശരിക്കും ഏതവസ്ഥയിലും നമ്മെ സഹായിക്കാൻ സന്നദ്ധതയുള്ള സത്യദൈവമാണവിടുന്നത്. ജോയേൽ പ്രവാചകന്റെ പുസ്തകത്തിൽ നാം വായിക്കുന്നു

www.malankaralibrary.com

“ആ നാളുകളിൽ എന്റെ ദാസന്മാരുടെയും ദാസിമാരുടെയും മേൽ എന്റെ ആത്മാവിനെ ഞാൻ വർഷിക്കും” (ജോയേ 2: 29). പുതിയനിയമത്തിൽ ഈശോയുടെ മാമോദീസാവേളയിൽ. “പരിശുദ്ധാത്മാവ് പ്രാവിന്റെരൂപത്തിൽ അവന്റെമേൽ ഇറങ്ങി വന്നു” (ലൂക്കാ 3:22).

സ്നാപകയോഹന്നാൻ ഈശോയുടെ മാമോദീസാക്കുമുമ്പുതന്നെ പരിശുദ്ധാത്മാവിനെപ്പറ്റി പറയുന്നുണ്ട്: “അവൻ പരിശുദ്ധാത്മാവിനാലും അഗ്നിയാലും നിങ്ങൾക്കു സ്നാനം നൽകും” (ലൂക്കാ 3:16). ഈശോ പരിശുദ്ധാത്മാവിനാൽ നിറഞ്ഞവനും അതേ ആത്മാവിനാൽ നയിക്കപ്പെടുന്നവനുമായിരുന്നു (ലൂക്കാ 4:1-2). “കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്” (ലൂക്കാ 4:18) എന്ന് ഏശയ്യാപ്രവാചകന്റെ പുസ്തകം ഉദ്ധ രിച്ചുകൊണ്ട് അവിടുന്ന് ഏറ്റുപറയുന്നുണ്ട്. മരുഭൂമിയിലെ പരീക്ഷയ്ക്കുശേഷം യേശു ഗലീലിയിലേക്കു മടങ്ങിപ്പോയതും ഇതേ പരിശുദ്ധാത്മാവിന്റെ ശക്തിയോടുകൂടെ ആയിരുന്നു (ലൂക്കാ 4:14). പന്തക്കുസ്തായിൽ ശ്ലീഹന്മാരുടെ അപ്പസ് തോലഗണത്തിന്റെമേൽ അഗ്നിനാവുകളുടെ രൂപത്തിൽ പരിശുദ്ധാത്മാവ് നിറഞ്ഞു (അപ്പ 2:3-4).

ഈ തിരുവചനങ്ങളുടെയെല്ലാം വെളിച്ചത്തിൽ പരിശുദ്ധാത്മാവിനെ നാം ധ്യാനിക്കണം. നമ്മുടെ ജീവിതത്തിലുള്ള അവിടുത്തെ സാന്നിധ്യത്തെ, പ്രവർത്തനത്തെ തിരിച്ചറിയണം. സത്യത്തിന്റെ പൂർ ണതയിലേക്കു നയിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രചോദനമനുസരിച്ച് സത്യത്തിനുവേണ്ടി ജീവിക്കുന്നവരായി മാറാൻ പരിശ്രമിക്കാം. ഈശോ തുടങ്ങിവച്ച കാര്യങ്ങൾ തുടർന്നുകൊണ്ടുപോകുന്നത് സഭയിൽ പരിശുദ്ധാത്മാവാണ്. അതുകൊണ്ട് പരിശുദ്ധാത്മാവിനോടു ചേർന്നു ജീവിക്കാം, പ്രാർഥിക്കാം. വിശുദ്ധബലിപീഠത്തിൽനിന്നും വിശുദ്ധകുർബാനയിലൂടെയും പരിശുദ്ധാത്മാവിനെ നമുക്കു സ്വീകരിക്കാം. പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരായി ജീവിക്കാം.

**ഫാ. ജെറിൻ വലിയപറമ്പിൽ MCBS**

www.malankaralibrary.com

## ജൂൺ 05
## പെന്തിക്കോസ്തി തിരുനാൾ

# ഭാഷ്യം

### യോഹ 14:15-24

### സന്ദർഭം

യോഹന്നാന്റെ സുവിശേഷത്തിൽ, അന്ത്യത്താഴ വിവരണത്തിനു ശേഷം, 14:1 മുതൽ 17:26 വരെയുള്ള ഭാഗം ഈശോയുടെ വിട വാങ്ങൽ പ്രസംഗം എന്ന പേരിലാണ് അറിയപ്പെടുന്നത്. പരസ്യ ജീവിതത്തിന്റെ അവസാനകാലത്ത് നടത്തുന്ന രണ്ട് പ്രഭാഷണങ്ങ ളും ഒരു പ്രാർഥനയുമാണ് പ്രധാന ഉള്ളടക്കം. അന്ത്യത്താഴവേള യിലും മറ്റുമായി ഈശോ പറഞ്ഞകാര്യങ്ങളെ ഒരു പ്രഭാഷണരൂപേണ യോഹന്നാൻ അവതരിപ്പിക്കുകയാണിവിടെ. 13-ാം അധ്യായം ആരംഭിക്കുന്നതുതന്നെ പിതാവിന്റെ പക്കലേക്ക് പോകേണ്ട സമയം അടുത്തു എന്ന് ഈശോ അറിഞ്ഞിരുന്നുവെന്ന് പറഞ്ഞുകൊണ്ടാണ്. മിശിഹാ പിതാവിന്റെ സന്നിധിയിലേക്ക് പോയതിനുശേഷം തന്റെ ദൗത്യം തുടരേണ്ട ശിഷ്യന്മാരെ അവിടന്ന് എപ്രകാരമാണ് സ ഹായിക്കും എന്ന് പറയുന്നതാണ് സന്ദർഭം. അവിടന്ന് അവർക്ക് സ ഹായകനായി പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുന്നകാര്യമാണ് ഇന്നത്തെ സുവിശേഷഭാഗം. 14:1-14 വിശ്വാസത്തിന്റെ പ്രാധാന്യവും 15-24 സ്നേഹത്തിന്റെ പ്രാധാന്യവുമാണ് എടുത്തു പറയുന്നത്.

www.malankaralibrary.com

## സാരം

“നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകൾ പാലിക്കും”(14:15) എന്നതിലൂടെ വ്യക്തമാക്കുന്നത് യഥാർഥ സ്നേഹം പ്രകടമാകേണ്ടത് പ്രവർത്തിയിലൂടെയാണ് എന്നാണ് (14:21-23). ചെയ്യുക പ്രവർത്തിക്കുക എന്ന് അർഥം വരുന്ന ‘തെരെസേത്തെ’ എന്ന വാക്കാണ് ഉപയോഗിച്ചി രിക്കുന്നത്. യോഹന്നാന്റെ ഒന്നാം ലേഖനത്തിലും ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. വാക്കിലും സംസാരത്തിലുമല്ല സ്നേഹിക്കേണ്ടത്, പ്രവർത്തിയിലും സത്യത്തിലുമാണ് (3:18). ദൈവത്തെ സ്നേഹിക്കുകയെന്നാൽ അവിടത്തെ കല്പനകൾ പാലിക്കുക. ഈശോയുടെ വചനത്തോടുള്ള വിശ്വസ്തതയാണ് അവിടത്തോടുകൂടെ ആയിരിക്കുക എന്നതിന്റെ അടയാളം (5:38; 8:31. 37-51; 12:47-48). പരിശുദ്ധാരൂപിയെ നല്കുന്നകാര്യം സുവിശേഷത്തിൽ പലപ്രാവശ്യം ശ്ലീഹന്മാർക്ക് വാഗ്ദാനം ചെയ്യുന്നുണ്ട് (14: 26; 15:26; 16:7-14). മറ്റൊരു സഹായകനെ നല്കും എന്ന് പറയുന്നതിലൂടെ മിശിഹായുടെ ദൗത്യം തുടർന്നുകൊണ്ട് പോകുന്നതിനാണ് പരിശുദ്ധാരൂപിയെ നല്കുന്നത്.

പരിശുദ്ധാരൂപിയെ സൂചിപ്പിക്കാൻ ‘പാറക്ലേത്താ’ എന്ന വാക്ക് ആദ്യമായി യോഹന്നാൻശ്ലീഹാ ഉപയോഗിക്കുന്നത് ഇവിടെയാണ്. സുവിശേഷത്തിൽ ‘പ്നെവുമാ’ എന്ന വാക്കാണ് ഉപയോഗിച്ചിരുന്നത് (1:32-33; 3:5.8.34; 4:24; 6:63). ‘പ്നെവുമാ’യിൽനിന്ന് ‘പാറാക്ലേത്താ’ എന്ന ഉപയോഗത്തിലേക്കുള്ള മാറ്റം ശ്രദ്ധേയമാണ്. ആദ്യഭാഗത്ത് പരിശുദ്ധാരൂപിയുടെ വ്യക്തിത്വത്തെ പ്രധാനമായി ഉദ്ദേശിക്കുമ്പോൾ, ‘പാറക്ലേത്ത’ എന്നത് പ്രവർത്തനത്തെയാണ് വിവക്ഷിക്കുന്നത്. ‘പാറക്ലേത്ത’ എന്ന വാക്ക് പുതിയ നിയമത്തിൽ നാല് പ്രാവശ്യം പരിശുദ്ധാരൂപിയെ സൂചിപ്പിക്കാനും (14:16.26;15:26; 16:7) ഒരു പ്രാവശ്യം ഈശോയെ സൂചിപ്പിക്കാനും (1 യോഹ 2:1) ഉപയോഗിക്കുന്നുണ്ട്. ഈശോയുടെ പരസ്യജീവിതത്തിനുശേഷം

www.malankaralibrary.com

ഈശോ ഭൂമിയിൽ ചെയ്തുകൊണ്ടിരുന്ന പ്രവൃത്തി തുടരുകയാണ് പരിശുദ്ധാരൂപി മിശിഹായുടെ ഉത്ഥാനത്തിനുശേഷം പിതാവിന്റെ വലത്തുഭാഗത്തായിരുന്നുകൊണ്ട് ഇതേ പ്രവൃത്തി തന്നെ അവിടന്നു ചെയ്യുന്നു (1 യോഹ 2:1).

പിതാവിനെയും പുത്രനെയും പരിശുദ്ധാരൂപിയേയുംകുറിച്ച് പറഞ്ഞുകൊണ്ട് ത്രിത്വരഹസ്യമാണ് വെളിപ്പെടുത്തുന്നത്. കൂടെ വസിക്കുന്നവനും ഉള്ളിൽ ആയിരിക്കുന്നവനുമാണ് പരിശുദ്ധാരൂപി. പരിശുദ്ധാരൂപി ശിഷ്യന്മാരുടെ അരികെ ആയിരിക്കും (പാർഹ്യുമീൻ 14:17) അവരോടൊത്ത് ആയിരിക്കും (മെത്ത് ഹ്യുമോൻ), ശിഷ്യരിൽ ആയിരിക്കും (എൻ ഹ്യുമീൻ). ഇവിടെ സൂചിപ്പിക്കുന്നത് ഓരോ വ്യക്തിയെയും ആലയമായി കരുതുന്നതും സഭയിൽ സന്നിഹിതനാകുന്നതുമായ പരിശുദ്ധാരൂപിയെയാണ്. മിശിഹായുമായുള്ള ശിഷ്യന്മാരുടെ ബന്ധം മിശിഹായുടെ മരണശേഷവും തുടരും എന്നതാണ് 'ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ലാ' എന്നതിലൂടെ പ്രകടമാക്കുന്നത്. ശിഷ്യന്മാർ മിശിഹായുമായി അഭേദ്യമായ ബന്ധം പുലർത്തേണ്ടവരാണ്. മിശിഹായുമായുള്ള ബന്ധം ത്രിത്വരഹസ്യം മനസിലാക്കുന്നതിന് അവരെ യോഗ്യരാക്കുന്നു. യോഹന്നാന്റെ സുവിശേഷം ത്രിത്വത്തെക്കുറിച്ച് പറയുകമാത്രമല്ല ഒരോ ശിഷ്യനും ത്രിത്വവും തമ്മിലുള്ള ബന്ധവും കൂട്ടായ്മയും വ്യക്തമാക്കുന്നു. ത്രിത്വത്തിന്റെ ഐക്യവും ഒന്നാകലുമാണ് ശിഷ്യത്വത്തിന്റെ ഐക്യത്തിനും കൂട്ടായ്മയ്ക്കും മാതൃക.

www.malankaralibrary.com

## സന്ദേശം

മിശിഹായുടെ അനുയായി സ്നേഹത്തിൽ വസിക്കാൻ വിളിക്ക പ്പെട്ടവനാണ്. സ്നേഹത്തിലായിരിക്കുക യെന്നത് വചനത്തോടുള്ള വിശ്വസ്തതയാണ്. എന്നെ സ്നേഹിക്കുന്നെങ്കിൽ എന്റെ കല്പനകൾ പാലിക്കും. സ്വഭാവികമായി വരുന്ന ചോദ്യമാണ് ഏതു കല്പന. മറ്റു സുവിശേഷകർ നല്കുന്നതുപോലെ -ഒരു ചെകിട്ടത്തടിക്കുന്നവന് മറ്റേ ചെകിട് കാണിച്ചുകൊടുക്കുക, ഒരു മൈൽ നടക്കാൻ ആവശ്യപ്പെടുന്നവനോടുകൂടെ രണ്ട് മൈൽ നടക്കുക, സീസറിന് അർ ഹതപ്പെട്ടത് സീസറിന് നല്കുക- യോഹന്നാന്റെ സുവിശേഷ ത്തിൽ ഈശോ പല കല്പനകൾ നല്കുന്നില്ല എന്നാൽ ഒരു കല്പന മാത്രം നൽകുന്നു. 'ഞാൻ നിങ്ങൾക്ക് ഒരു കല്പന നലകുന്നു' എന്ന വളരെ കൃത്യമായ വാക്കുകളോടെ അവിടന്ന് പറയുന്നു "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ, അതുവഴി നിങ്ങൾ എന്റെ ശിഷ്യന്മാരാണ് എന്ന് അറിയും" (13:34-35; 15:12-13). സ്നേഹിക്കുന്നവൻ എല്ലാ കല്പനകളും പാലിക്കുന്നു. ബിൽ കൊഫിൻ തന്റെ അനുയായികളോട് പറയുന്നതുപോലെ നാം സ്നേഹിക്കാൻ പരാജയപ്പെട്ടാൽ എല്ലാക്കാര്യങ്ങളിലും പരാജയപ്പെടുന്നു. വചനത്തോട് വിശ്വസ്തതപുലർത്താൻ ഒരുവനെ സഹായിക്കുന്നത് അവനിൽ വസിക്കുന്ന പരിശുദ്ധാരൂപിയാണ്. പരിശുദ്ധാരൂപിയുടെ സ്വരത്തിന് ചെവിനല്കി ജീവിച്ചുകൊണ്ട് മിശിഹായ്ക്ക് സാക്ഷ്യം നല്കുകയാണ് ക്രിസ്തീയ ശിഷ്യത്വ ത്തിന്റെ ലക്ഷ്യം.

**ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ**

www.malankaralibrary.com

# പ്രസംഗം

## സഭയുടെ ജന്മദിനം

തിരക്കുകളില്ലാത്ത തിരുനാളാണ് പെന്തെക്കുസ്ത. ഇന്ന് പള്ളി മുറ്റത്ത് വാദ്യമേളങ്ങളില്ല, ദീപാലങ്കാരങ്ങളില്ല, പട്ടുകുടയും കളിപ്പാ ട്ടങ്ങളുമില്ല, എങ്കിലും ഇത് സഭയുടെ പ്രധാന തിരുന്നാളാണ്. കാരണം, ഇന്നാണ് സഭയുടെ ജന്മദിനം. സാധാരണക്കാരിൽ സാധാരണക്കാരായ പതിനൊന്ന് ശ്ലീഹ ന്മാരെ പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ ശക്തരാക്കി, ജറുസലെം ദൈവാലയത്തിൽ വിള വെടുപ്പു തിരുന്നാളിനായി തടിച്ചുകൂടിയ യഹൂദജനത്തിനുമുമ്പാകെ, ത്രിത്വൈകദൈവം സഭയുടെ ഉദ്ഘാടനകർമ്മം ലോകത്തിൽ നിർവഹിച്ച ദിവസമാണിന്ന്.

**അഗ്നിയായ ആത്മാവ്:** ശ്ലീഹന്മാർക്കിന്ന് പുതുജന്മത്തിന്റെ പുത്തനുണർവ്വാണ്. ഇന്നലെവരെ അവർ എന്തായിരുന്നുവോ അത് ഇന്നൊരോർമ്മ മാത്രമായിരിക്കുന്നു. ദൈവഭയമൊഴികെ മറ്റൊരു ഭയ വും ആത്മാവിനെ സ്വീകരിച്ച അവരെ വേട്ടയാടുന്നില്ല. മൂന്നു തവണ ഒരു പരിചാരികയ്ക്കു മുമ്പിൽ തന്റെ ഗുരുവിനെ തള്ളിപ്പറഞ്ഞ പ ത്രോസ് തന്നെയാണ് മൂവായിരത്തിലധികം വരുന്ന യഹൂദഗണത്തിനുമുമ്പിൽ നിങ്ങൾ കുരിശിൽ തറച്ചുകൊന്ന ക്രിസ്തുവിനെയാണ് ഞാൻ പ്രഘോഷിക്കുന്നത് എന്ന് ഏറ്റുപറഞ്ഞത്. പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ ശിഷ്യരുടെ ജീവിതത്തിലെ മുൻഗണനകൾ ക്ക് (priorities) മാറ്റങ്ങൾ സംഭവിക്കുകയാണ്.

ആത്മാവിനാൽ ജ്വലിക്കാൻ വേണ്ടിയാണ് ഇന്ന് നമ്മൾ പ്രാർഥിക്കേണ്ടത്. സ്നാപകയോഹന്നാനിൽ നിന്നും മാമ്മോദീസായിലൂടെ പരിശുദ്ധാത്മാവിനെ സ്വീകരിച്ച കർത്താവിന് മരുഭൂമിയിൽ സാത്താന്റെ ശക്തമായ പ്രലോഭനങ്ങളെ

www.malankaralibrary.com

അതിജീവിക്കാൻ സാധിച്ചു. ഗബ്രിയേൽ മാലാഖയുടെ അഭിവാദ്യത്താൽ ആത്മാവിനെ സ്വീകരിച്ച പരിശുദ്ധ കന്യകാമാതാവിന് ദൈവമാതാവാകാനുള്ള കൃപ ലഭിച്ചു. അഗ്നിനാവായി ശിഷ്യരുടെമേൽ ഇറങ്ങിവന്ന ആത്മാവ് അവരെ കർത്താവിന്റെ കത്തിജ്വലിക്കുന്ന അനുയായികളാക്കി മാറ്റി. ഈ ആത്മാവിനെ തന്നെയാണ് നമ്മൾ മാമ്മോദീസായിലൂടെ സ്വീകരിച്ചിരിക്കുന്നത്. കഷ്ടപാടുകളുടേയും വേദനകളുടെയും നടുവിൽ തളരാതെ പൊരുതണമെങ്കിൽ മാമ്മോദീസായിലൂടെ നാം സ്വീകരിച്ച ആത്മാവിനെ അനുദിന ജീവിതത്തിൽ ജ്വലിപ്പിക്കേണ്ടതുണ്ട്.

**പരിശുദ്ധാത്മാവ് സഹായകനാണ്:** കുട്ടിക്കാലത്ത് അപ്പന്റെയും അമ്മയുടെയും കൂടെ യാത്ര ചെയ്യാത്തവരായി ആരും തന്നെ നമ്മിൽ ഉണ്ടാവുകയില്ല. ഈ യാത്രകളിൽ ഒരിക്കൽ പോലും, എ ങ്ങനെ പോകണമെന്നോ, എവിടെ തങ്ങണമെന്നോ ഒന്നും നമ്മളെ ആകുലപ്പെടുത്തിയിട്ടില്ല. എല്ലാം നമുക്കുവേണ്ടി നമ്മുടെ മാതാപിതാക്കന്മാർ മുന്നേ തീരുമാനിച്ചിട്ടുണ്ടായിരുന്നു. നമ്മുടെ ജീവിതവും ഒരു യാത്രയാണ്. സന്തോഷങ്ങളും സങ്കടങ്ങളും രസങ്ങളും നൊമ്പരങ്ങളും പ്രതിസന്ധികളും സഹായങ്ങളുമൊക്കെ കൂടിച്ചേർന്ന അല്പം നീണ്ടയൊരു യാത്ര. ഈ യാത്രയിൽ നമ്മുടെ കരുതലിനായി ഒരുവൻ കൂടെയുണ്ട്, ഈശോ നമുക്കു നല്കിയ ഒരു സഹായകൻ; ഒരു സ്നേഹിതൻ-പരിശുദ്ധാത്മാവ്.

ഗുരുവിന്റെ വിടവാങ്ങലിലൂടെ തങ്ങൾക്കു മുമ്പിൽ ഇരുട്ടു മാത്രം എന്നു കരുതിയ ശിഷ്യരോടു ഈശോ പറയുന്നുണ്ട്: "ഞാൻ ഇതെ ല്ലാം നിങ്ങളോട് പറഞ്ഞതുകൊണ്ട് നിങ്ങളുടെ ഹൃദയം ദുഖപൂരിത മായിരിക്കുന്നു. എങ്കിലും സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു നിങ്ങളുടെ നന്മയ്ക്കു വേണ്ടിയാണ് ഞാൻ പോകുന്നത്... ഞാൻ പോയാൽ സഹായകനെ

www.malankaralibrary.com

നിങ്ങളുടെ അടുക്കലേക്ക് അയയ്ക്കും" (യോഹ 16:6-7). ദാനിയേലിന്റെ പുസ്തകത്തിൽ മൂന്നു യുവാക്കളെ നബുക്ക ദ്നേസർ രാജാവ് തീച്ചൂളയിലേക്ക് തള്ളിയിടുന്ന സംഭ വം വിവരിക്കുന്നുണ്ട്. അഗ്നിക്കിരയാകാൻ തീച്ചൂളയിലേക്ക് വലിച്ചെറിയപ്പെട്ടവർ ഒരു ചെറുപൊള്ളൽപോലും ഏൽക്കാതെ സ്തോത്രഗീതം ആലപിക്കുന്നതു കണ്ടപ്പോൾ പരിഭ്രമിച്ചു കൊണ്ട് രാജാവ് ചോദിക്കുകയാണ്; മൂന്നുപേരെയല്ലേ നാം ബന്ധിച്ചു തീയിലെറിഞ്ഞത് എന്നാൽ ബന്ധനം കൂടാതെ അഗ്നിക്ക് നടുവിലൂടെ നാലുപേർ നടക്കുന്നത് ഞാൻ കാണുന്നു. മൂന്നുപേരോടുകൂടെ നാലാമനായി ഒരു സഹായകൻ.

ഈ നാലാമൻ, സഹായകനായ പരിശുദ്ധാത്മാവ് ഇന്നു ന മ്മോടു കൂടെയുണ്ട്; നമ്മുടെ ഇടവകയിൽ, നമ്മുടെ കുടും ബങ്ങളിൽ, നമ്മുടെ ജോലിസ്ഥലത്ത്... നമ്മിലോരോരു ത്തരിലും നമ്മിൽ വസിക്കുന്ന ഈ സഹായകനെ വിളിച്ചപേ ക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. നിത്യജീവിതത്തിൽ നിരന്തരം മറ്റുള്ളവരുടെ സഹായം തേടുന്നവരാണ് നമ്മൾ. വീട്ടിലിരിക്കുന്ന ഒരു കൊച്ചുകുപ്പിപാത്രം തുറക്കാൻ സാധി ച്ചില്ലെങ്കിൽ ഉടനെ കൂട്ടത്തിലുള്ളവരുടെ സഹായം നമ്മൾ തേ ടും, മുകളിലേക്കു കയറാൻ കോണിപിടിക്കാൻ അടുത്തു ള്ളവരുടെ സഹായം ചോദിക്കാൻ നമ്മൾ മടി കാണിക്കാറില്ല.

അങ്ങനെ സഹായങ്ങളുടെ ലിസ്റ്റ് നീളുകയാണ്. നിത്യ ജീവിതത്തിൽ ഓരോ നിമിഷവും ഓരോ കാര്യത്തിന് മറ്റുള്ള വരുടെ സഹായം തേടുന്ന നാം, എന്തുകൊണ്ട് ഈശോ നമുക്കു നല്കിയ പരിശുദ്ധാത്മാവിന്റെ സഹായം വിശ്വാസജീവിത ത്തിൽ അടിയുറച്ചുവളരാൻ ചോദിച്ചുകൂടാത്തത്? ഈ ആത്മാ വിന്റെ സാന്നിധ്യം അനുഭവിച്ചറിയണമെന്നുണ്ടെങ്കിൽ ആദ്യം വിശ്വാസത്തിന്റെ കണ്ണുകൾ തുറക്കേണ്ടതുണ്ട്.

www.malankaralibrary.com

പരിശുദ്ധാത്മാവിന്റെ മൂന്നു പ്രധാന ദൗത്യങ്ങൾ ഈശോ പങ്കു വെയ്ക്കുന്നുണ്ട്. ഒന്നാമതായി പാപത്തെക്കുറിച്ച് ആത്മാവ് പഠിപ്പിക്കുന്നു. പാപങ്ങളുടെ ഒരു ചാർട്ട് തയ്യാറാക്കിയാൽ പ്രഥമ സ്ഥാനത്തുവരുന്ന ചില പാപങ്ങൾ ഉണ്ട്. കൊലപാതകം, മോഷണം, വ്യഭിചാരം ഇങ്ങനെ പോകുന്നു പാപങ്ങളുടെ ഈ പട്ടിക. ഇതെല്ലാം വലിയ പാപങ്ങൾ തന്നെ, എന്നാൽ ഏറ്റവും വലിയ പാപം ദൈവത്തിലുള്ള വിശ്വാസരാഹിത്യമാണ്! അതുകൊണ്ടാണ് ഈശോ ഇപ്രകാരം പറയുന്നത്: അവർ എന്നിൽ വിശ്വാസിക്കാത്തതിനാൽ പാപത്തെക്കുറിച്ചു പരിശുദ്ധാത്മാവ് ബോധ്യപ്പെടുത്തും.

രണ്ടാമതായി ദൈവികനീതിയെക്കുറിച്ച് ആത്മാവു ലോകത്തെ ബോധ്യപ്പെടുത്തും. മനുഷ്യന്റ നീതി അപൂർണമാണ്. ഏശയ്യാ പ്രവാചകന്റെ പുസ്തകം 64-ാം അധ്യായത്തിൽ ഇപ്രകാരം പറയുന്നു മനുഷ്യന്റെ നീതി മലിനവസ്ത്രംപോലെയാണെന്ന്. അവിശ്വാസിക ളെ വിശ്വാസികളാക്കാനും അങ്ങനെ ദൈവീക നീതിയിൽ ബോധ്യപ്പെടുത്താനും ആത്മാവ് ആഗതമായിരിക്കുന്നു.

www.malankaralibrary.com

പ്രിയമുള്ളവരേ, ആത്മാവിന്റെ പ്രവർത്തനങ്ങളെ അനു ഭവിച്ചറിയാനും അനുഭവിച്ചറിഞ്ഞ സത്യം പ്രഘോഷിക്കാനും വിളിക്കപ്പെട്ട വരാണ് നാമെല്ലാം. നമ്മുടെ പ്രവർത്തികളിലൂടെ ത്രിത്വൈകദൈവം മഹത്ത്വപ്പെടണം. നമ്മുടെ കൂടെ നടക്കാനും ധൈര്യം പകരാനും എന്നും ആത്മാവു കരുത്തായും സഹായകനായും സ്നേഹിതനായും ഉണ്ട്. സമ്മാനങ്ങളില്ലാത്ത ജന്മദിനങ്ങളുണ്ടോ!!! സഭയുടെ ഈ ജന്മദിനത്തിൽ പരിശുദ്ധാത്മാവ് നമുക്കോരോരുത്തർക്കും പ്രത്യേക സമ്മാനങ്ങൾ തരുന്നുണ്ട്. പൗലോസ് ശ്ലീഹ കോറിന്തോസുകാർക്ക് എഴുതിയ ഒന്നാം ലേഖനം 12-ാം അധ്യായം 4-11 വാക്കുകളിൽ നമുക്കുള്ള ആത്മാവിന്റെ സമ്മാനങ്ങളാണ് വിവരിച്ചിരിക്കുന്നത്. ഈ സമ്മാനങ്ങൾ സ്വീകരിച്ച് സഹായകനായ ആത്മാവിനോടുകൂടെ ഉത്തമക്രൈസ്തവരായി നമുക്കു ജീവിക്കാം. ഭയത്തിൽ നിന്നും ആത്മധൈര്യത്തിലേക്കും, അടിമത്തത്തിൽ നിന്ന് ആവിഷ്ക്കാരത്തിലേക്കും ദുഖത്തിൽനിന്നും സന്തോഷത്തിലേക്കുള്ള ഒരു മാനസാന്തരത്തിന്റെ ദിനം കൂടിയാണിന്ന്.

**ഡോ. മജോ മരോട്ടിക്കൽ**

www.malankaralibrary.com

## ജൂൺ 12
## പെന്തിക്കോസ്തിക്കുശേഷം 1-ാം ഞായർ

# ഭാഷ്യം

### യോഹ 6:25-33

### സന്ദർഭം

പരിശുദ്ധ കുർബാനയെക്കുറിച്ചുള്ള സുവിശേഷ ദർശനങ്ങൾ ഏറ്റവും മനോഹരമായി അവതരിപ്പിച്ചിരിക്കുന്നതു യോഹന്നാന്റെ സുവിശേഷം 6-ാം അധ്യായത്തിലാണ്. കുർബാനയെ പ്രബോധനങ്ങളുടെ ആരംഭ അടയാളമായി ഈശോ ഗലീലി കടലിനു മറുകരെവച്ച് അപ്പം വർധിപ്പിച്ചുനൽകി. അതിനുശേഷം അവിടുന്നു കഫർണാമിലേക്കു പോയി. ഈശോയെ അന്വേഷിച്ച് അവിടെ എത്തിയ ജനങ്ങളെ ജീവന്റെ അപ്പത്തെക്കുറിച്ച് പഠിപ്പിക്കുന്നതിനുള്ള മുന്നൊരുക്കമാണ് പശ്ചാത്തലം.

### സാരം

അടയാളങ്ങളുടെ സുവിശേഷം എന്നാണ് യോഹന്നാന്റെ സുവിശേഷം അറിയപ്പെടുന്നത്. സെമെയിയ എന്ന ഗ്രീക്കുപദത്തെ ദൈവത്തിന്റെ വിരലടയാളമെന്നാണ് പണ്ഡിതർ വിശേഷിപ്പിക്കുന്നത്. ഓരോ അടയാളവും ആത്മീയലക്ഷ്യം മുൻനിർത്തിയുള്ളതാണ്. 6:25-33 വചനഭാഗങ്ങളിൽ രണ്ടുതവണ അടയാളം എന്ന പദോപയോഗം കാണാം. ഈ വചനഭാഗത്തെ നാലു ചോദ്യങ്ങളും അതിന് ഈശോ നൽകുന്ന ഉത്തരങ്ങളുമായാണ് സുവിശേഷകൻ ക്രമീകരിച്ചിരിക്കുന്നത്. 1) അങ്ങ് എപ്പോൾ ഇവിടെയെത്തി? ചോദ്യത്തിനുള്ള ഉത്തരമല്ല ഈശോ നൽകിയത്. ഈശോയെ തേടിയിറങ്ങിയ അവരുടെ അധ്വാനം നശ്വരമായ അപ്പത്തിനുവേണ്ടിയാണെന്നും നിത്യജീവൻ

www.malankaralibrary.com

നൽകുന്ന അനശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കണമെന്നും അവൻ അവരെ തിരുത്തുന്നു. 2) ദൈവഹിതമനുസരിച്ചു പ്രവർത്തി ക്കുന്നവരാകാൻ ഞങ്ങൾ എന്തുചെയ്യണം എന്ന് ചോദിക്കുമ്പോൾ അവിടന്ന് അയച്ചവനിൽ വിശ്വസിക്കുക എന്ന കൃത്യമായ ഉത്തരം നൽകുന്നു. 'ഞങ്ങൾ കണ്ടു വിശ്വസിക്കേണ്ടതിന്' എന്ന ക്രിയാപദത്തിലൂടെ മൂന്നും നാലും ചോദ്യങ്ങളെ ബന്ധിപ്പിച്ചിരിക്കുന്നു. 3) എന്തടയാളമാണ് നീ ചെയ്യുക? 4) എന്താണു നീ പ്രവർത്തിക്കുക? 'ചെയ്യുക', 'പ്രവർത്തിക്കുക' എന്നീ കർമ്മ സാധ്യതകൾക്കപ്പുറം 'തന്നത്', 'തരുക' എന്നീ പദങ്ങളാൽ ബന്ധിതമാക്കി ഈശോ പറഞ്ഞു: മോശയല്ല നിങ്ങൾക്ക് സ്വർഗത്തിൽനിന്ന് അപ്പം തന്നത് (മന്ന) എന്റെ പിതാവാണ് സ്വർഗത്തിൽ നിന്ന് നിങ്ങൾക്ക് യഥാർഥ അപ്പം തരുന്നത്. ദൈവം നൽകുന്ന അപ്പം ലോകത്തിനു ജീവൻ നൽകുന്നതാണെന്ന് അവിടന്നു പഠിപ്പിച്ചു.

## സന്ദേശം

"ഈശോയെ കടലിന്റെ മറുകരെ കണ്ടെത്തിയപ്പോൾ" (6:25) എന്നാരംഭിക്കുന്ന ഈ വചനഭാഗം പ്രതിനിധാനം ചെയ്യുന്നത് അവിടത്തെ അന്വേഷിച്ചിറങ്ങിയ ജനങ്ങളെയാണ്. ഭൗതികസുഖസൗകര്യങ്ങളിൽ ദൃഷ്ടിയൂന്നി എന്തോ തേടി അലയുന്ന ജനങ്ങളെ നോക്കി, തേടേണ്ടതിനെ തേടാൻ ഈശോ പഠിപ്പിക്കുന്നു. അതിന് അനിവാര്യമായത് വിശ്വാസത്തിന്റെ കണ്ണുകളാണ്. നിത്യജീവൻ പ്രദാനം ചെയ്യുന്നതിനായി അപ്പമായി മാറുന്ന ഈശോയെയാണ് തേടിയിറങ്ങേണ്ടതെന്നും അവനിൽ വിശ്വസിച്ചുകൊണ്ട് നിത്യജീവനിൽ പങ്കുകാരാകണമെന്നുമാണ് പാഠം.

**ഡോ. സി. ലിന്റ പുളിക്കത്തടത്തിൽ SH**

www.malankaralibrary.com

# പ്രസംഗം

## ആനുകൂല്യങ്ങളുടെ ആത്മീയത

യേശു അഞ്ചപ്പവും രണ്ടുമീനുംകൊണ്ട് അനേകരെ തൃപ്തരാക്കിക്കഴിഞ്ഞപ്പോൾ അനേകർ അവന്റെ പിറകെ കൂടി. അവർ അവനെ രാജാവാക്കാൻ ആഗ്രഹിച്ചു (യോഹ 6:15). എന്നാൽ അവൻ അവിടെനിന്ന് പിന്മാറുന്നു. എന്നാൽ ജനക്കൂട്ടം അവന്റെ പിന്നാലെ കഫർ ണാംവരെ എത്തുന്നു. എന്നാൽ ഈ ആൾക്കൂട്ടത്തെക്കണ്ട് യേശു ഭ്രമിച്ചുപോകുന്നില്ല. കാരണം അവന് ജനക്കൂട്ടങ്ങളിൽ വിശ്വാസമുണ്ടായിരുന്നില്ല (യോഹ 2:24-25). അതുകൊണ്ട് യേശു പറയുന്നു "അടയാളങ്ങൾ കണ്ടതുകൊണ്ടല്ല, അപ്പം ഭക്ഷിച്ച് തൃപ്തരായതുകൊണ്ടുമാത്രമാണ് നിങ്ങൾ എന്നെ അന്വേഷിക്കുന്നത്' (യോഹ 6: 26). അന്നും, ഇന്നും ആത്മീയതയെ ഉപരിപ്ലവും കാപട്യവുമുള്ളതാക്കുന്നത് ആനുകൂല്യങ്ങളും അത്ഭുതങ്ങളുമാണ്. യേശുവും ത ന്റെ പരസ്യജീവിതകാലത്ത് ഇവ രണ്ടിന്റെയും സമ്മർദ്ദം നന്നായി അനുഭവിച്ചിട്ടുണ്ട്. പരസ്യജീവിതത്തിന്റെ ആരംഭത്തിൽ മരുഭൂമിയി ലെ നാൽപത് ദിവസങ്ങളിലെ നോമ്പും, ഉപവാസവും കഴിഞ്ഞപ്പോഴുണ്ടായ പ്രലോഭനങ്ങൾ (ലൂക്കാ 4:1-13) ഇതാണ് ചൂണ്ടിക്കാണിക്കുന്നത്. ഈ പ്രലോഭനം കുരിശിലെ സഹനത്തിൽ തീക്ഷ്ണതയേറിക്കൊണ്ട് അവസാന മണിക്കൂറിലും ഉണ്ടായിരുന്നു (ലൂക്കാ 23: 35-39).

ആനുകൂല്യങ്ങളുടെയും അത്ഭുതങ്ങളുടെയും അപ്പക്കഷ്ണങ്ങ ൾ നല്കുന്ന പ്രലോഭനങ്ങൾ ജനസമൂഹത്തെയും മതനേതാക്കളെയും ഇന്നും ഒരുപോലെ പ്രലോഭിപ്പിക്കുന്നുണ്ട്.

www.malankaralibrary.com

**ആനുകൂല്യങ്ങൾ**

എന്തിനാണ് ആത്മീയത? പലപ്പോഴും ദൈവത്തിൽനിന്നോ, മനുഷ്യരിൽനിന്നോ, മതസംവിധാനങ്ങളിൽനിന്നോ ആനുകൂല്യങ്ങൾ പ്രതീക്ഷിക്കുന്ന സമീപനമായി ആത്മീയ സമീപനങ്ങൾ തരംതാണുപോവുന്നുണ്ട്. പ്രാർഥനയുടെ പരമമമായ ലക്ഷ്യം ദൈവത്തി ൽനിന്ന് ആനുകൂല്യങ്ങളായി ഭൗതികനേട്ടങ്ങൾ നേടുക എന്നുള്ളതല്ല, നമ്മുടെ ജീവിതത്തെ ദൈവവുമായി ബന്ധപ്പെടുത്തി നിർത്തുകയെന്നതാണ്. ദൈവത്തിലേക്ക് ഒരുവൻ അടുക്കുമ്പോൾ ജീവിതത്തിലെ അനുഭവങ്ങളെ വിശ്വാസത്തിന്റെ കണ്ണുകളിൽക്കൂടി കാണാനും സഹനങ്ങൾക്ക് മറ്റൊരു മാനം സ്വാഭാവികമായി കൈവരുന്നത് കാണാനും ഇടയാകും. അപ്പോൾ പ്രാർഥനയിലെ കച്ചവട മനഃസ്ഥിതിയും അപ്രത്യക്ഷമാകും. ഞാൻ മൂന്ന്, അല്ലെങ്കിൽ ഏഴ് (അതെപ്പോഴും ഒറ്റ സംഖ്യയായിരിക്കണമത്രെ) ജപമാലയോ, ഭക്താനുഷ്ഠാനങ്ങളോ നടത്തിയാൽ കാര്യസാധ്യമുണ്ടാകുമെന്നുള്ള വിശ്വാസവും, ആ രീതിയിലുള്ള ആത്മീയ ഉപദേശങ്ങളും ആത്മീയതയുടെ ഏതു കണ്ണിയിലാണ് പ്രതിഷ്ഠിക്കുക. ദൈവഹിതവുമായി സ്വജീവിതത്തെ ചേർത്തുവയ്ക്കുന്നതിനുപകരം ആനുകൂല്യങ്ങൾ പ്രതീക്ഷിക്കുന്ന ജനതയിൽനിന്ന് സ്വയം മാറി നിൽക്കുകയും ദൂരേയ്ക്ക് മാറിപോവുകയും ചെയ്യുന്ന ക്രിസ്തുവിനെയാണ് ഇന്നത്തെ സുവിശേഷവായനയിൽ നാം കാണുക. ആദിമസഭയെ പത്രോസ് ശ്ലീഹാ ഉപദേശിച്ചത്. “അന്യായമായി പീഡിപ്പിക്കപ്പെടുമ്പോൾ, ദൈവചിന്തയോടെ വേദനകൾ ക്ഷമാപൂർവം സഹിച്ചാൽ അത് അനുഗ്രഹകാരണമാകും. തെറ്റ് ചെയ്തിട്ട് അടിക്കപ്പെടുമ്പോൾ ക്ഷമയോടെ സഹിച്ചാൽ നിങ്ങൾക്ക് എന്തുമഹത്വമാണുള്ളത്? നിങ്ങൾ നന്മ ചെയ്തിട്ട് പീഢകൾ സഹിക്കേണ്ടിവന്നാൽ അത് ദൈവസന്നിധിയിൽ പ്രീതികരമാണ്” (1 പത്രോ 2:19-20).

www.malankaralibrary.com

**അത്ഭുതങ്ങൾ**

യേശു പ്രവർത്തിച്ചിട്ടുള്ള അത്ഭുതങ്ങൾ ദൈവരാജ്യം സന്നിഹിതമായിരിക്കുന്നു എന്നുള്ളതിന്റെ അടയാളങ്ങൾ ആയിരുന്നു. അടയാളങ്ങൾ അതിലും വലിയ ഒരു യാഥാർത്ഥ്യത്തിലേക്കുള്ള വിരൽചൂണ്ട് മാത്രമാണ്. എന്നാൽ അത്ഭുതങ്ങൾ ഇന്നത്തെ ആത്മീയതയെയും അതിന്റെ വക്താക്കളെയും വഴിതെറ്റിച്ചുകളയുന്നത്. എന്തിലേക്ക് അത്ഭുതങ്ങൾ വിരൽചൂണ്ടിയോ അതിലേക്ക് ശ്രദ്ധകേന്ദ്രീകരിക്കാതെ സംഭവിച്ച അത്ഭുതങ്ങൾ മുതലെടുപ്പിനുള്ള മാധ്യമമായി തരംതാഴ്ത്തിക്കളയുമ്പോഴാണ്. മാജിക് കണ്ട് അത്ഭുതം കൂറി നിൽ ക്കുന്നവരായി ഭക്തരും അത്ഭുതപ്രവർത്തകർ സിദ്ധരുമായി തരംതാഴുമ്പോൾ ഇവർ ദൈവത്തിന് സാക്ഷികളാകുന്നില്ല എന്ന് മാത്രമല്ല, ആ ത്മീയതയെക്കൂടി തരം താഴ്ത്തിക്കളയുകയാണ്. യേശു എന്തുകൊണ്ടാണ് അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ട് അതിന്റെ 'മൈ ലേജ്' എടുക്കാതെ, 'ആരോടും പറയരുത്' എന്ന് അനുശാസിച്ചിട്ട് രംഗംവിടുന്നത്? കാരണം അത്ഭുതങ്ങൾ ആൾക്കൂട്ടവും പ്രശസ്തിയും സൃഷ്ടിക്കാനുള്ള മാർഗമോ, സിദ്ധനാകാനുള്ള എളുപ്പവഴിയോ ആയി യേശു കണ്ടിരുന്നില്ല. എന്നാൽ അതൊക്കെ പ്രലോഭനങ്ങളായിട്ടാണ് യേശു കണ്ടത്. എന്നാൽ ഇന്നത്തെ ആത്മീയതയും അതിന്റെ വക്താക്കളും അത്ഭുതത്തിൽനിന്ന് ആത്മീയതയെ വികലമായ സമീപനത്തിലൂടെ ചോർത്തിക്കളയുന്നു. എന്നാൽ യേശുവാകട്ടെ പറയുന്നത് "മനുഷ്യരിൽനിന്ന് ഞാൻ മഹത്ത്വം സ്വീകരിക്കുന്നില്ല. എനിക്ക് നിങ്ങളെ അറിയാം. നിങ്ങളിൽ ദൈവസ്നേഹമില്ല" (യോഹ 5:41-42). അടയാളമന്വേഷിക്കുന്ന തലമുറയെ യേശു ശപിക്കുന്നുപോലുമുണ്ട്. ആത്മീയതയുടെ ആധികാരികതയെ എന്നും യേശു അടയാളപ്പെടുത്താൻ ആഗ്രഹിച്ചിട്ടുള്ളത് സ്നേഹംകൊണ്ടാണ്.

www.malankaralibrary.com

ആനുകൂല്യങ്ങളും അടയാളങ്ങളും അത്ഭുതങ്ങളും യേശുവിന്റെ കാലത്തും ഇന്നും പ്രലോഭനങ്ങളുടെ വേലിയേറ്റം സൃഷ്ടിച്ചിരുന്നു. ആത്മീയതയെ ഇത്രയെളുപ്പത്തിൽ വഴിതെറ്റിക്കുന്ന മറ്റൊരു പ്രലോഭവനവുമില്ല. ആനുകൂല്യങ്ങൾ തരാനാകാത്ത സഭയെയും ഇടവകയെയുംപോലും ആർക്കുവേണം. "ഞാൻ ജീവന്റെ അപ്പമാകുന്നു" (യോഹ 6:48). എന്നാൽ ഈ ജീവൻ നേടാൻ നഷ്ടങ്ങൾ സഹിക്കേണ്ടിവരുമെന്ന് ഒരു ഓർമപ്പെടുത്തലുണ്ട്. എന്നാൽ, ഈ ലോകത്തിന്റെ ഭക്ഷിച്ചാലും വീണ്ടും പിശാചിലേക്ക് മടങ്ങേണ്ടിവരുന്ന അപ്പക്കഷ്ണങ്ങളുടെ വിതരണമല്ല, ആത്മീയത.

**ഫാ. ജോസ് മരിയദാസ് OIC**

## ജൂൺ 19
## പെന്തിക്കോസ്തിക്കു ശേഷം 2-ാം ഞായർ

# ഭാഷ്യം

### മത്താ 10:28-42

### സന്ദർഭം

ഈ തിരുവചനങ്ങൾ വിശുദ്ധ മത്തായിയുടെ സുവിശേഷത്തിലെ രണ്ടാം പ്രഭാഷണത്തിൽ ഉൾപ്പെടുന്നവയാണ്. പഴയ നിയമ പ്രതീക്ഷകളെ പൂർത്തീകരിച്ചുകൊണ്ട് സുവിശേഷ പ്രഘോഷണത്തിലൂടെയും രോഗസൗഖ്യങ്ങൾ നൽകുന്നതിലൂടെയും പ്രകൃതിശ ക്തികളെ നിയന്ത്രിക്കുന്നതിലൂടെയും താൻ മിശിഹായാണെന്ന് വ്യ ക്തമാക്കിയതിനുശേഷം (മത്തായി 5-9), ഈശോ തന്റെ പന്ത്രണ്ട് അപ്പസ്തോലന്മാരെ തെരഞ്ഞെടുത്തു നിയോഗിക്കുന്നതാണ് ഇന്നത്തെ സുവിശേഷത്തിന്റെ പശ്ചാത്തലം. സുവിശേഷവേലക്കിടയിൽ അപ്പസ്തോലന്മാർ നേരിടേണ്ടിവരുന്ന പീഡനങ്ങളും പ്രതിസന്ധികളും അവയ്ക്കുള്ള പ്രതിഫലവുമാണ് വചനത്തിന്റെ ഉള്ളടക്കം.

### സാരം

ഏതൊരു വ്യക്തിയെ സംബന്ധിച്ചും പ്രധാനപ്പെട്ട വിഷയങ്ങളായ ശരീരം, ആത്മാവ്, ജീവൻ, മരണം, നരകം, സ്വർഗം, ഭയം, ധൈര്യം, സ്നേഹം, കുടുംബം, സമാധാനം, ഭിന്നത, കുരിശ്, അനുഗമിക്കൽ, പ്രതിഫലം തുടങ്ങിയവയെല്ലാം ഇന്നത്തെ സുവിശേഷത്തിൽ പരാമർശിക്കപ്പെടുന്നു. ഒരു ക്രിസ്തു ശിഷ്യനെ സംബന്ധിച്ച് ഇവയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ നിർണയിക്കപ്പെടുന്നത് ക്രിസ്തുവുമായുള്ള ബന്ധത്തെ അടിസ്ഥാനമാക്കിയാണ്. ക്രിസ്തുവുമായി ശരിയായ ബന്ധത്തിലേക്ക് പ്രവേശിക്കുന്ന ശിഷ്യർ മനുഷ്യരുടെ മുൻപിൽ അവിടുത്തെ

www.malankaralibrary.com

ഏറ്റുപറയും. അവർ മരണത്തെപോലും ഭയപ്പെടുകയില്ല. രക്തബന്ധത്തേക്കാൾ ക്രിസ്തുവിനോടുള്ള ബന്ധത്തിന് അവർ പ്രാധാന്യം കൽപ്പിക്കും. ഈശോയോടുള്ള സ്നേഹം മാത്രമാണ് അവരെ ക്രിസ്തുശിഷ്യരാക്കി മാറ്റുന്നത്. അത്തരം ശിഷ്യരെ ക്രിസ്തു പിതാവായ ദൈവത്തിന്റെ മുമ്പിൽ ഏറ്റുപറയും. സ്വർഗത്തിൽ ക്രിസ്തുവിന്റെ സാക്ഷ്യമാണ് ഒരു മനുഷ്യന് ലഭിക്കാവുന്ന ഏറ്റവും വലിയ ഭാഗ്യം. ക്രിസ്തുവിനെ മനുഷ്യരുടെമുമ്പിൽ ഏറ്റുപറയുന്ന ക്രിസ്തുശിഷ്യർക്കു സ്വന്തമാകുന്ന അനുഗ്രഹമാണത്. അത്തരം ശിഷ്യർക്ക് ആരെങ്കിലും ഒരു പാത്രം വെള്ളം കൊടു ത്താൽപോലും അവർക്കത് സ്വർഗത്തിൽ പ്രതിഫലം ലഭിക്കുന്നതിന് കാരണമാകും.

## സന്ദേശം

മാമ്മോദിസ സ്വീകരിച്ച എല്ലാവരും ഈശോയെ പ്രഘോഷിക്കാൻ കടപ്പെട്ടിരിക്കുന്നു. ക്രിസ്തുശിഷ്യരെ സ്വീകരിക്കുന്നത് ക്രിസ്തുവിനെ സ്വീകരിക്കുന്നതിനു തുല്യമാണ്. അതായത് ക്രിസ്തു അവരിലുണ്ട്, അല്ലെങ്കിൽ അവർ ക്രിസ്തുവിന്റെ സാന്നിധ്യത്തെ പ്രസരിപ്പിക്കുന്നു. ക്രിസ്തു നമ്മിലൂടെ വെളിപ്പെടുന്നത് തന്നെയാണ് യഥാർഥ സുവിശേഷ പ്രഘോഷണം. അത് വാക്കുകളിലൂടെ മാത്രമല്ല പ്രവർത്തനങ്ങളിലൂടെയും ജീവിതങ്ങളിലൂടെയും സംഭവിക്കണം. ക്രിസ്തുവിനും ക്രിസ്തുവിലൂടെ വെളിപ്പെട്ട സ്നേഹത്തിനും വിരുദ്ധ മായവ ജീവിതത്തിൽ നിന്നുപേക്ഷിക്കുമ്പോൾ ഉണ്ടാകുന്ന കുരിശനുഭവങ്ങൾ സന്മനസ്സോടെ സ്വീകരിക്കുന്നവർക്ക് മാത്രമേ അത് സാധ്യമാവുകയുള്ളൂ. ക്രിസ്തുവിനെ അനുഗമിക്കൽ ഇതുതന്നെയാണ് നമ്മിൽനിന്ന് ആവശ്യപ്പെടുന്നതും.

**ഡോ. പോൾ കുഞ്ഞാനായിൽ MCBS**

www.malankaralibrary.com

# പ്രസംഗം

## ചെറിയവരെയും കരുതുന്ന ദൈവം

ആരെ ഭയപ്പെടേണ്ടായെന്നും ആരെ ഭയപ്പെടണമെന്നും ചെറിയ കാര്യങ്ങളിൽപ്പോലും ദൈവത്തിനുള്ള ശ്രദ്ധയെയും കരുതലിനെയുംപ്പറ്റി യേശു പറയുന്നു. ശരീരത്തെ കൊല്ലാൻ കഴിയുമെങ്കിലും ആത്മാവിനെ നശിപ്പിക്കാൻ കഴിയാത്ത പീഡകരെ ക്രിസ്തുശിഷ്യൻ ഭയപ്പെടേണ്ടതില്ല. ദൈവത്തിനുമാത്രമാണ് ശരീരത്തിലും ആത്മാവിലും അധികാരമുള്ളത്. പാപികളെ നരകശിക്ഷയിലേക്ക് വിധിക്കാൻ കഴിയുന്ന ദൈവത്തെ മാത്രം നാം ഭയപ്പെടണം, അനുസരിക്കണം. വിശ്വാസത്യാഗംവഴി ദൈവത്തിൽനിന്നുണ്ടാകുന്ന ശിക്ഷയെയാണ് യഥാർഥത്തിൽ ഭയപ്പെടേണ്ടത്.

ദൈവത്തിന് ചെറിയ കാര്യങ്ങളിൽപ്പോലും ശ്രദ്ധയും കരുതലും ഉണ്ട്. അപ്രധാനങ്ങളെന്നു നാം കരുതുന്ന കുരുവികൾപോലും ദൈ വത്തിന്റെ ശ്രദ്ധയിലുണ്ട്. തലയിലെ മുടിനാരുകളും ദൈവത്തിന് അറിവുള്ളതാണ്. ദൈവത്തിന് എല്ലാ ജീവികളെപ്പറ്റിയും കരുതലുണ്ട്, അറിവുണ്ട്. ദൈവത്തിന് അവയെ സംരക്ഷിക്കാനുള്ള ശക്തിയുമുണ്ട്. അതിനാൽ ക്രിസ്തുശിഷ്യർ ഒട്ടും ഭയപ്പെടേണ്ടതില്ല. ദൈവത്തിന് മനുഷ്യജീവനോട് കൂടുതൽ താൽപര്യമുണ്ട്. രണ്ട് കുരുവികൾ ഒരു നാണയത്തുട്ടിന്

www.malankaralibrary.com

വിൽക്കപ്പെടുന്നു. ഇത്രയും അപ്രധാനമായ കാര്യംപോലും ദൈവത്തിന്റെ അറിവിൽപ്പെടുന്നതാണെങ്കിൽ മനുഷ്യന്റെ കാര്യത്തിൽ ദൈവം എത്രമാത്രം താൽപര്യം കാണിക്കും.

യേശുവിന് സാക്ഷ്യം വഹിക്കുന്നത് ക്രൈസ്തവരുടെ കടമയാണ്. യേശുവിന് സാക്ഷ്യം വഹിക്കുന്നവർക്ക് പ്രതിസമ്മാനവും നി ഷേധിക്കുന്നവർക്ക് ശിക്ഷയും ലഭിക്കുന്നു. യേശു പിതാവിന്റെ മു ന്നിൽ നമുക്കായി മാധ്യസ്ഥ്യം വഹിക്കുകയാണ്. യേശുവിനെ സ്വീകരിമ്പോൾ ദൈവത്തെയാണ് സ്വീകരിക്കുന്നത്.

സമാധാനം സ്ഥാപിക്കാനായാണ് യേശു ഭൂമിയിലേക്ക് വന്നതെങ്കിലും യേശുവിനെപ്രതി ഭിന്നതയായിരിക്കും സമൂഹത്തിൽ ഉണ്ടാകുക. ആളുകൾ യേശുവിനോട് ചേരുമ്പോഴോ എതിർക്കുമ്പോഴോ കുടുംബങ്ങളിൽ ഭിന്നത ഉടലെടുക്കുന്നു. കുറേപ്പേർ ഒരു കുടുംബത്തിൽനിന്ന് യേശുവിനെ സ്വീകരിക്കുമ്പോൾ മറ്റുള്ളവർ യേശുവിനെ തള്ളിപ്പറയുന്നു. ഇതിനെയാണ് യേശു ഭിന്നത അഥവാ വാൾ എന്ന് പ്രതീകാത്മകമായി അവതരിപ്പിച്ചിരിക്കുന്നത്. യേശുവിനെ രക്ഷകനായി ഏറ്റുപറയുമ്പോൾ സ്വന്തം കുടുംബത്തിൽ നിന്നുപോലും എതിർപ്പുണ്ടാകാനിടയുണ്ട്.

എല്ലാവരെയുംകാൾ യേശുവിനെ സ്നേഹിക്കുക എന്നതാണ് ക്രിസ്തുശിഷ്യരാകാനുള്ള ആദ്യയോഗ്യത. ക്രിസ്തുശിഷ്യർ തങ്ങളുടെ കുരിശുമെടുത്ത് യേശുവിനെ അനുഗമിക്കുക എന്നതാണ് രണ്ടാമത്തെ യോഗ്യത. തന്റെ കുരിശെടുക്കുക എന്നതുകൊണ്ട് രണ്ട് കാര്യങ്ങൾ അർഥമാക്കുന്നു. 1. ശിഷ്യൻ ഗുരുവിനുവേണ്ടി രക്തസാക്ഷിത്വം വഹിക്കാൻ തയ്യാറാകണം. 2. അനുദിനജീവിതത്തിലെ എതിർപ്പുകളും ശത്രുതയും ശിഷ്യൻ സഹിക്കണം. യേശുവിനുവേണ്ടി രക്തസാക്ഷിത്വം വഹിക്കുമ്പോൾ പരലോകത്തിൽ നിത്യജീവന് അവകാശികളായിത്തീരും.

www.malankaralibrary.com

യേശുവിനെ സ്വീകരിക്കുന്നതുപോലെ പ്രേഷിതരെ നാം സ്വീകരിക്കണം. വചനപ്രഘോഷകരെ നാം സ്വീകരിക്കണം; അവർക്ക് ആ തിഥ്യം നൽകണം. യേശുവും പിതാവും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ ക്രിസ്തുശിഷ്യർ നൽകുന്ന സന്ദേശം സ്വീകരിക്കുന്നവർ ദൈവത്തിന്റെ സന്ദേശവും കൃപയും സ്വീകരിക്കുന്നു. ക്രിസ്തുശിഷ്യരെ സ്വീകരിക്കുന്നതുപോലെ നാം പ്രവാചകരെയും നീതിമാന്മാരെയും സ്വീകരിക്കണം. ക്രിസ്തുശിഷ്യനെ സ്വീകരിച്ച് ചെറിയ ഒരു സഹായം ചെയ്തു കൊടുത്താൽ അവർക്ക് തീർച്ചയായും അതി ന്റെ പ്രതിഫലം ലഭിക്കും. ക്രിസ്തുശിഷ്യർ ചെറിയവരാണ്. യേശുവിനെ അനുഗമിക്കുന്ന എല്ലാവരുമാണ് ചെറിയവർ. അവർക്ക് ഒരുപാത്രം വെള്ളം കൊടുത്താൽ അതിന് പ്രതിഫലം ലഭിക്കും. സുവിശേഷസന്ദേശവുമായി വരുന്നവരെ സ്വീകരിക്കാം. അവർക്ക് ആതിഥ്യം അരുളാം. യേശുവിനെ സ്വീകരിക്കുന്നതുപോലെ അവരെയും സ്വീകരിക്കണം. അപ്പോൾ നാം ദൈവത്തിൽ അനുഗൃഹീതകരാകും.

**ഫാ. മാത്യു ചിറയിൽ**

www.malankaralibrary.com



## ജൂൺ 24
# തിരുഹൃദയ തിരുനാൾ

ദൈവകരുണയുടെ ഉറവിടവും നിറവുമായ ഈശോയുടെ തിരുഹൃദയതിരുനാൾ! ഈശോയുടെ തിരുഹൃദയത്തിൽനിന്നും പൊട്ടിപ്പുറപ്പെടുന്ന കരുണയുടെ നീർച്ചാലുകൾ ദൈവവചനം വെളിപ്പെടുത്തുന്നു. ദൈവസ്നേഹത്തിന്റെ നിലയ്ക്കാത്ത പ്രവാഹവും ആത്മാക്കൾക്കുവേണ്ടിയുള്ള തീവ്രദാഹവും വചനം ഓർമപ്പെടുത്തുന്നു. കുരിശിൽകിടന്ന് ലോകം മുഴുവനുമുള്ള ആത്മാക്കൾക്കായി ദാഹിക്കുന്ന ഈശോ. തന്റെ ഹൃദയത്തിലെ അവസാനതുള്ളി രക്തവും പാപികൾക്കായി ചിന്താൻ തയ്യാറാകുന്ന ഈശോ. ഇതാണ് തിരുഹൃദയത്തിരുനാളിന്റെ സവിശേഷത.

ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായി ഈശോയെ യോഹന്നാൻ സുവിശേഷം അവതരിപ്പിക്കുന്നു. “അടുത്തദിവസം യേശു തന്റെ അടുത്തേക്കുവരുന്നതുകണ്ട് അവൻ പറ ഞ്ഞു: ഇതാ, ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാ ട്” (യോഹ 1:29). യോഹന്നാൻ സുവിശേഷത്തിന്റെ ആരംഭത്തിൽ ത്തന്നെ യേശുവിനെ ‘ദൈവത്തിന്റെ കുഞ്ഞാട്’ ആയി ചിത്രീകരിക്കുന്നുവെന്നത് ശ്രദ്ധേയം. പഴയ നിയമത്തിൽ, ഇസ്രായേൽജനം പെസഹാ ആചരിച്ചപ്പോൾ അവർക്ക് നൽകപ്പെട്ട നിർദേശങ്ങളിൽ ഒന്ന് ഇതായിരുന്നു: “പെസഹാകുഞ്ഞാടിന്റെ അസ്ഥികളിൽ ഒന്നുപോലും തകർക്കരുത്” (പുറ 12:46). പുതിയ നിയമത്തിലെ പെസഹാകുഞ്ഞാടായ യേശുവിന്റെ അസ്ഥികൾ തകർക്കപ്പെട്ടില്ല എന്ന് വചനം ഓർമപ്പെടുത്തുമ്പോൾ ‘ദൈവത്തിന്റെ കുഞ്ഞാടായി’ മിശിഹാ അവതരിപ്പിക്കപ്പെടുന്നു. “അവന്റെ അസ്ഥികളിൽ ഒന്നുപോലും തകർക്കപ്പെടുകയില്ല എന്ന തിരുവെഴുത്ത് പൂർത്തിയാകാനാണ്

www.malankaralibrary.com

ഇത് സംഭവിച്ചത്" (യോഹ 19:36). തങ്ങളുടെ പാപത്തിന് പരിഹാരമായി പെസഹാകുഞ്ഞാടിനെ ഇസ്രായേൽജനം ബലികഴിച്ചപ്പോൾ, ലോകത്തിന്റെ പാപത്തിന് പരിഹാരമായി സ്വപുത്രനെ കുരിശിൽ ബലിയായി നൽകുന്ന പിതാവായ ദൈവത്തെ നമ്മൾ കണ്ടെത്തുന്നു.

ഇസ്രായേൽ ജനത്തിന്റെ മരുഭൂമിയിലൂടെയുള്ള യാത്രയിൽ അ വർ ദൈവത്തിനും മോശയ്ക്കുമെതിരെ പിറുപിറുത്തു. "ഈ മരുഭൂമിയിൽ മരിക്കാൻ നീ ഞങ്ങളെ ഈജിപ്തിൽനിന്ന് കൊണ്ടുവന്നതെന്തിന്? ഇവിടെ അപ്പമോ വെള്ളമോ ഇല്ല. വിലകെട്ട ഈ അപ്പം തിന്ന് ഞങ്ങൾ മടുത്തു" (സംഖ്യ 21:5). അങ്ങനെ, സ്വർഗീയഭക്ഷണമായ മന്നയെ അവർ അധിക്ഷേപിച്ചു. ജനത്തിന്റെ ഇടയിലേക്ക് ദൈവം ആഗ്നേയ സർപ്പത്തെ അയക്കുകയും വളരെപ്പേർ മരിക്കുകയുംചെയ്തു. തങ്ങളുടെ തെറ്റുകളോർത്ത് അനുതപിച്ച ജനത്തിനുവേണ്ടി മോശ ദൈവത്തോട് പ്രാർഥിച്ചു. ഒരു പിച്ചളസർപ്പത്തെ ഉണ്ടാക്കി വടിയിൽ ഉയർത്തിനിർത്താൻ മോശയോട് ദൈവം ആവശ്യപ്പെട്ടു. ദംശനമേൽക്കുന്നവർ അതിനെ നോക്കിയാൽ മരിക്കുകയില്ല. "മോശ പിച്ചളകൊണ്ട് ഒരു സർപ്പത്തെ ഉണ്ടാക്കി. ദംശനമേറ്റവർ പിച്ചളസർപ്പത്തെ നോക്കി; അവർ ജീവിച്ചു." (സംഖ്യ 21:9). പാപത്തിലും രോഗത്തിലും തകർച്ചയിലും കഴിയുന്ന ഏതൊരു വ്യക്തിയും കുരിശിൽ മരിച്ച ക്രിസ്തുവിനെ നോക്കണം. കാൽവരിയിൽ കുരിശിൽ ഉയർത്തപ്പെട്ടവനെ നോക്കുമ്പോൾ എന്തിനെയും അതിജീവിക്കാൻ ശക്തിലഭിക്കും. "തങ്ങൾ കുത്തി മുറിവേൽപ്പിച്ചവനെ അവർ നോക്കി നിൽക്കും" (യോഹ 19:37). നമുക്കും പറയാം 'ഈശോയുടെ തിരുഹൃദയത്തിൽ നിന്നും ഒഴുകി ഇറങ്ങിയ തിരുരക്തമേ തിരുജലമേ ഞങ്ങൾ അങ്ങിൽ ശരണപ്പെടുന്നു.'

**ഡോ. റോയി പുളിയുറുമ്പിൽ MCBS**

www.malankaralibrary.com



## ജൂൺ 26
## പെന്തിക്കോസ്തിക്കു ശേഷം 3-ാം ഞായർ

# ഭാഷ്യം

### യോഹ 6: 35-46

### സന്ദർഭം

ജീവന്റെ അപ്പത്തെക്കുറിച്ച് ഈശോ നല്കുന്ന ആഴമായ ദൈവ ശാസ്ത്ര അർഥങ്ങളുള്ള ദീർഘമായ പ്രഭാഷണമാണ് യോഹന്നാൻ സുവിശേഷകൻ ആറാം അധ്യായത്തിൽ വിവരിക്കുന്നത്. സ്വർഗത്തിൽ നിന്നിറങ്ങിയ ജീവന്റെ അപ്പമായ പരിശുദ്ധ കുർബാനയെക്കുറി ച്ചുള്ള ഒരു പ്രഭാഷണമായി മാത്രമേ പലപ്പോഴും ഈ അധ്യായം വായിക്കപ്പെടാറുള്ളൂ. എന്നാൽ, ഈ പ്രഭാഷണത്തിന്റെ രണ്ടാം ഭാഗ ത്താണ് (6:47-59) പരിശുദ്ധ കുർബാനയെക്കുറിച്ച് ഈശോ സംസാരിക്കുന്നത്. ആദ്യഭാഗത്ത് (6,35-46) മറ്റൊരു ജീവന്റെ അപ്പമായ അവിടുത്തെ വചനത്തെപറ്റിയാണ് അവിടുന്നു പഠിപ്പിക്കുന്നത്. നിത്യജീവൻ പ്രദാനം ചെയ്യുന്നതിൽ ദൈവവചനത്തിന് മിശിഹായുടെ ശരീരത്തോടൊപ്പം സ്ഥാനമുണ്ട്. പരിശുദ്ധ കുർബാനയിലെ രണ്ടു മേശകൾ - വചനമേശയും അപ്പത്തിന്റെ മേശയായ ബലി പീഠവും -ജീവന്റെ അപ്പത്തിന്റെ ഈ രണ്ടു മാനങ്ങളാണ് വ്യക്തമാക്കുന്നത്.

### സാരം

ഞാൻ ആകുന്നു ജീവന്റെ അപ്പം; എന്റെയടുക്കൽ വരുന്നവന് ഒരിക്കലും വിശക്കുകയില്ല; എന്നിൽ വിശ്വസിക്കുന്നവന് ഒരിക്കലും ദാഹിക്കുകയുമില്ല (6:35) എന്നു പറഞ്ഞുകൊണ്ടാണ് ഈശോ ആരംഭിക്കുന്നത്. താൻ ജീവന്റെ അപ്പമാണ് എന്ന് ഈശോ പറയുന്നതിനർഥം, അവിടുന്നു നിത്യംജീവിക്കുന്നവനും ജീവൻ നല്കാൻ കഴിവുള്ളവനുമാണ് എന്നാണ്. ദൈവപുത്രനായതുകൊണ്ടാണ് അവിടുത്തേക്ക് ജീവൻ നല്കാനാകുന്നത്.

www.malankaralibrary.com

ഈശോയുടെ അടുക്കൽ വരിക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അവിടുന്നിൽ വിശ്വസിക്കുക എന്നാണ്. ഇവിടെ ശ്രദ്ധേയമായ സംഗതി, താൻ അപ്പമാണെന്നു പ്രഖ്യാപിക്കുന്നെങ്കിലും ഭക്ഷിക്കുന്നതിനെക്കുറിച്ചല്ല, വിശ്വസിക്കുന്ന തിനെപ്പറ്റിയാണ് ഈശോ പറയുന്നത്. ജീവന്റെ അപ്പമായ ഈശോയിൽ വിശ്വസിക്കുന്നവർക്ക് ഒരിക്കലും വിശക്കുകയോ ദാഹിക്കുകയോ ഇല്ല. സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റാനായി മനുഷ്യനായവതരിച്ച ഈശോയെ കണ്ടിട്ടും വിശ്വസിക്കാതിരുന്ന വരെ അവിടുന്നു ശാസിക്കുന്നുമുണ്ട് (6:36). പുത്രനെ കണ്ടു വിശ്വസിക്കുന്നവർക്കാണ് നിത്യജീവൻ ഉണ്ടാകുന്നത് (6:40). ആരെയും ന ഷ്ടപ്പെടുത്താതെ എല്ലാവരെയും പുത്രൻ അവസാനദിവസം ഉയിർ പ്പിക്കണമെന്നതാണ് പിതാവിന്റെ ഹിതം (6:38-39).

കർത്താവ് നിന്റെ പുത്രരെ പഠിപ്പിക്കും എന്ന ഏശയ്യാ പ്രവാചകന്റെ വചനം (ഏശ 54:13) ഉദ്ധരിച്ചുകൊണ്ടാണ് താൻ എപ്രകാരമാണ് അപ്പമായി ഭവിക്കുന്നത് എന്ന് ഈശോ വ്യക്തമാക്കുന്നത് (6:45). ഈശോയുടെ പ്രബോധനമാണ്, അവിടുത്തെ വചനങ്ങളാണ് അപ്പം. ദൈവത്തിൽ നിന്നുള്ളവനായ, അവിടുത്തോടു ഗാഢബന്ധം പുലർത്തുന്നവനായ ഈശോയ്ക്കു മാത്രമേ പിതാവിനെ വെളിപ്പെടുത്താനാവൂ. പിതാവിനെപ്പറ്റി ഈശോ നല്കിയ വെളിപാടാണ് അവിടുത്തെ പ്രബോധനം അഥവാ വചനം. ഈ വചനം സ്വീകരിക്കുന്നവരാണ് ജീവന്റെ അപ്പം ഭക്ഷിക്കുന്നതും നിത്യം ജീവിക്കുന്നതും.

## സന്ദേശം

പിതാവ് ആകർഷിക്കുന്നില്ലെങ്കിൽ ആർക്കും എന്റെയടുക്കൽ വരാൻ സാധിക്കുകയില്ല (6:44). ദൈവവചനവും മിശിഹായുടെ ശരീരവുമായ ജീവന്റെ അപ്പമായ ഈശോയിലേക്ക് നമ്മെയും ആകർഷിക്കണമേ എന്നു നമുക്കും പ്രാർഥിക്കാം.

**ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ**

www.malankaralibrary.com

# പ്രസംഗം

## അപ്പം

പലയാവർത്തി കേട്ടതാണ് അപ്പത്തെക്കുറിച്ച്, എത്രയായാലും നമുക്ക് മടുപ്പുണ്ടാകാൻ ന്യായമില്ല. കാരണം അന്നന്നേക്കുള്ള അപ്പമല്ലാതെ പിന്നെയെന്താ നമുക്കത്യാവശ്യം? ക്രിസ്തു ചരിത്രത്തിലെ പ്രധാനകഥാപാത്രങ്ങളിലൊന്നാണ് അപ്പം. തമ്പുരാൻ ജനിക്കുന്നത് അപ്പത്തിന്റെ വീടായ ബേത്‌ലഹേമിലാണ്. പറഞ്ഞ കഥകളിൽ പുളിപ്പും മാവുമൊക്കെയുണ്ടായിരുന്നു. പ്രസംഗം കേട്ടവരുടെയും സൗഖ്യം നേടിയവരുടെയും വിശപ്പിനെക്കുറിച്ചും എല്ലായ്പ്പോഴും കരുതലുണ്ടായിരുന്നു. വാഴ്ത്തി വർദ്ധിപ്പിച്ചതും അപ്പമല്ലാതെ മറ്റൊന്നല്ല. ദൈവതിരുനാമം വിശുദ്ധീകരിക്കപ്പെടാനും ദൈവരാജ്യം വരുന്നതിനുമുള്ള പ്രാർഥനയിൽത്തന്നെയാണ് ദിനംപ്രതിയുള്ള അപ്പത്തെക്കുറിച്ചും പ്രാർഥിക്കാൻ പഠിപ്പിക്കുന്നത്. ഉയിർത്തെണീറ്റശേഷം ശിഷ്യരെ കാത്തിരിക്കുമ്പോഴും കൈയിൽ അപ്പമുണ്ട്. ഇങ്ങനെയുള്ള ഒരാളാണ് പറഞ്ഞത്, ഞാൻ ജീവന്റെ അപ്പമാകുന്നു എന്ന്.

അപ്പം നിത്യപരിചിതമായ ഒന്നാണ്. എങ്ങനെയാണ് അത് ദൈവപുത്രന്റെ അടയാളങ്ങളിലൊന്നാവുക. വെളിച്ചമാകുന്നു എന്നതൊക്കെ നമുക്ക് സ്വീകാര്യമാണ്. കാര്യം ശരിയാണ്, അപ്പം നമ്മുടെ അവശ്യവസ്തുവാണ്. എന്നാലും ഒരു ഗരിമയില്ല. നമ്മുടെ അയൽക്കാരന്റെ മകന് റാങ്ക് കിട്ടിയെന്ന് പറയുന്ന പോലെ മാത്രം. റാങ്ക് ഒന്നാമത്തേതാണെങ്കിലും മകൻ അയൽക്കാരന്റെയല്ലേ എന്നപോലെ ഒരു തോന്നൽ! അതിപരിചയത്വം കൊണ്ട് അംഗീകരിക്കാൻ മടികാണിക്കുന്ന ഒരു സാമാന്യമനുഷ്യവിചാരം. പള്ളിയിൽപോയിപ്പോയി ദൈവഭയം ഇല്ലാതെയായ മനുഷ്യരുടേതുപോലെ. അത്രേയുള്ളു. എന്നാൽ കർത്താവ് അപ്പത്തിന് നൽകുന്ന ഗൗരവത്തിന് പിന്നിൽ എന്തെങ്കിലുമുണ്ടാവണമല്ലോ! ഒരപ്പത്തിന്റെ പിന്നാലെ പോയി നോക്കാം.

www.malankaralibrary.com

അപ്പമാകുന്നതിന് എവിടെയാണ് തുടങ്ങേണ്ടത് ? മണ്ണിൽ ത്തന്നെ തുടങ്ങണം. വിത്ത് പത്തായത്തിൽനിന്നിറങ്ങി മണ്ണിൽ ചേരണം. താഴുന്നതും ഉയരുന്നതും തമ്മിലുള്ള ബന്ധത്തെ ക്കുറിച്ച് അനേകമറിവുകളുണ്ടല്ലോ! കുരിശിലെ മരണത്തോളം തന്നത്താൻ താഴ്ത്തി അനുസരണമുള്ളവനാകുന്ന തരം ഒരെ ളിമയുണ്ട്. അതുണ്ടാവണം. കൂടാതെ, ചിലതൊക്കെ തകരണം. ചില കടുംതോടുകൾ, പുറംമോടികൾ, ഹൃദയംകൊണ്ടിടപെ ടാൻ നമ്മെ അനുവദിക്കാതിരിക്കുന്ന പുറംപൂച്ചുകളെ ഉരിഞ്ഞു കളയണം. ഹൃദയം നുറുങ്ങിയവർക്ക് ദൈവം സമീപസ്ഥൻ എന്നൊക്കെ ധ്യാനിക്കുമ്പോൾ ഒരു വിത്തിനെ ഓർമ്മിക്കുക. ഒരു പുതുനാമ്പിന് വേണ്ടി തകർക്കപ്പെടുന്ന അതിന്റെ മേലട രുകളെ ധ്യാനിക്കുക. ഈ കിളിർപ്പിൽ എത്ര കതിരുകളാണ് വിളയുക. അപ്പോഴാണ് അടുത്ത സഹനപർവ്വം. അതൊരു മുറി വുണ്ടാക്കലാണ്. വിളഞ്ഞത് മൂത്ത് പോകാതെ കൊയ്തെടു ക്കുമ്പോഴാണ് അതുണ്ടാവുക. ദൈവമേ, ആരും തക്കസമയത്ത് അരിവാൾ വയ്ക്കാതെപോയതുകൊണ്ട് മാത്രം വല്ലാതെ മൂത്ത് പോയ എന്റെ വാശികളെയും വെറുപ്പുകളെയും അഹന്തകളെ യും ഓർത്ത് നെഞ്ചിൽ സങ്കടം പെരുകുന്നു. അപ്പമാകാൻ ആവാതെ പോകുന്ന ഭാഗ്യക്കേടോർത്താണ് വിലപിക്കേണ്ടത്.

ഇനി മെതിക്കലാണ്. പിന്നെ കുത്തിപ്പൊടിക്കുന്നു. എന്നാ ലല്ലേ ഇഴുകിച്ചേരുക. കരുണയുടെ പുളിപ്പും സ്നേഹത്തിന്റെ ഉപ്പും ചേർത്ത് കുഴച്ച് പതം വരുത്തുന്നു. പിന്നെ കനലിലേ ക്കാണ്. സത്യമായും ഒരു കൊടും തപസ്സ്. അതിലാണ് പാക പ്പെടുക. അങ്ങനെ ഒരപ്പം ജനിക്കുന്നു.

തന്നെ നേടുന്നവരുടെ വിശപ്പടക്കുക എന്നതിനപ്പുറം ഒരു ലക്ഷ്യമുണ്ടാവില്ല അപ്പത്തിന്. അത് തന്നെയാവും ജന്മോദ്ദേ ശ്യവും. അടുപ്പക്കാരെന്നും അപരിചിതരെന്നും ധൂർത്തനെന്നും ദരിദ്രനെന്നും ചുങ്കക്കാരനെന്നും വേശ്യയെന്നും അത് ഭേദം

www.malankaralibrary.com

കല്പിക്കാറില്ല. കുഷ്ഠരോഗിയുടേയും ധനവാന്റെയും കണ്ണ് അതിൻമേൽ ഉണ്ട്. മുറിക്കപ്പെടുന്തോറും അനേകർക്ക് ആശ്വാസമാകുന്നു. ഏറിയ വിശപ്പുകൾ ക്ക് ശമനം വരുന്നു.

എല്ലാ വാഴ്വുകൾക്കും കാരണമായൊരു ദൈവമുണ്ടെന്നോർക്കുക. എല്ലാത്തിനെയും അവൻ വാഴ്ത്തട്ടെ. കൈവശമുള്ളത് ദൈവത്തിന് നല്കുക. അപ്പം കൈയിലെടുക്കാൻ അവനെ അനുവദിക്കുക. വാഴ്ത്തും. നുറുക്കും. വർദ്ധിപ്പിക്കും. എല്ലാവർക്കും നല്കും. സത്യമായും ജീവനുള്ള അപ്പമാകാൻ തന്നെയാണ് സഹോദരാ, നമ്മുടെ വിളിയും തെരഞ്ഞെടുപ്പും.

അപ്പം തരുന്നവനെ വേണം അപ്പനെന്ന് വിളിക്കാൻ എന്നാണ് ഒരു സ്നേഹിതൻ പറഞ്ഞത്. അപ്പനും അപ്പവുമായി എന്താണ് ബന്ധമെന്നുമറിയില്ല. എന്തായാലും തിരുവെഴുത്തിൽ നിന്നൊരർത്ഥം വെളിപ്പെടുന്നുണ്ട്. സ്വർഗ്ഗത്തിലുള്ള അപ്പൻ പുത്രനെ നല്കി. ഒരപ്പമായിട്ട്, നമുക്കെല്ലാവർക്കും പങ്കുകാരാവാൻതക്കവിധം നുറുക്കപ്പെട്ട ഒന്ന്. നമ്മെ ഒരപ്പത്തിന്റെ അംശികളാക്കുന്നതിന് വേണ്ടിയാണ് പുത്രനെ തന്നത്. ഓരോ കലഹങ്ങളിലും ധൂർത്തുകളിലും നാം മറന്ന് പോകുന്നത് അപ്പത്തെക്കുറിച്ചാണ്. ശരിക്കും അപ്പനെത്തന്നെയാണ്. അപ്പനെ മറക്കരുത്. മുടിയും. വിശക്കും. വിശന്ന് കണ്ണുകാണാനാവാതെ വരും. എമ്മാവൂസിലേക്ക് തന്നെ പോകണമെന്നില്ല. യരുശലേം വിട്ടുപോകുന്നവർക്കെല്ലാം ഇതാണനുഭവം. കാഴ്ച നഷ്ടപ്പെടുന്നു. ഒന്നുണ്ട്, അപ്പം പങ്കിടുന്നിടത്ത് കണ്ണിൽ വെളിച്ചം വീഴും! ക്രിസ്തുവിന്റെ ഒരു വറ്റ് സ്വീകരിക്കുക. വിശപ്പ് മാറും. കണ്ണ് തുറക്കും. അപ്പനെ തിരിച്ചറിയും.

ഇനി നിർത്താം. ക്രിസ്തുവിന്റെ അടയാളമാവാനുള്ള അപ്പത്തിന്റെ അവകാശം നിഷേധിക്കാനാവില്ല. ഒട്ടധികം സഹനദൂരങ്ങൾ താണ്ടിയാണ് അത് പാകമാവുന്നത്. ഒരപ്പമാവുകയെന്നാൽ ഒട്ടും നിസ്സാരമായ സംഗതിയല്ലെന്നോർക്കുക. ഒപ്പം

www.malankaralibrary.com

ജീവന്റെ അപ്പമാവുന്നത് ഏറെ സാരമുള്ള സംഗതിയെന്ന് മറക്കാതെയുമിരിക്കുക. ക്രിസ്തുവിനെ അനുഗമിക്കുന്നത് എല്ലാ വിശപ്പുകളുടെയും ശമനത്തിന് വേണ്ടിയാണെന്നതും എല്ലായ്പ്പോഴും ഓർമ്മയിലുണ്ടാകണം. ധ്യാനത്തിനൊരു വചനം ചേർക്കുന്നു. ദൈവത്തിന്റെ അപ്പമോ സ്വർഗത്തി ൽനിന്ന് ഇറങ്ങിവന്ന് ലോകത്തിന് ജീവൻ കൊടുക്കുന്നതാകുന്നു എന്ന് പറഞ്ഞു. അവർ യേശുവിനോട് : കർത്താവേ, ഈ അപ്പം എപ്പോഴും ഞങ്ങൾക്ക് തരേണമേ എന്ന് പറഞ്ഞു. യേശു അവരോട് പറഞ്ഞത്: ഞാൻ ജീവന്റെ അപ്പമാകുന്നു; എന്റെ അടുക്കൽ വരുന്നവന് വിശക്കുകയില്ല; എന്നിൽ വിശ്വസിക്കുന്നവന് ഒരു നാളു ദാഹിക്കുകയുമില്ല. (യോഹ. 6:33-35) 'വിളക്കൊരിക്കലും ഇരുളിനെ ഭയപ്പെടുകയില്ല; ജലത്തിന് ദാഹമില്ല' എന്ന അറിവ് പോലെ ഇതും കരുതാം. അപ്പമാവുക. പിന്നെ നിനക്കൊരിക്കലും വിശപ്പുണ്ടാവില്ല; ഒന്നിനോടും!

**സഖേറച്ചൻ**

www.malankaralibrary.com

Date of Publication: 13 May 2022 / Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2021-23, KL/CR/EKM/WPP-17/2021-2023 (Page 110)

## വൈദികരുടെ ശ്രദ്ധയ്ക്ക്

പ്രിയപ്പെട്ട അച്ചാ, സ്ഥലംമാറ്റം ആയിട്ടുണ്ടെങ്കിൽ പുതിയ മേൽവിലാസം ദയവായി താഴെക്കാണുന്ന നമ്പരിൽ ബന്ധപ്പെട്ട് തിരുത്തുമല്ലോ.

ഫോൺ: **0484– 2663933, 9995802006**

*Printed & Published by Fr. Jacob Naluparayil, Edited by Fr. Joy Chencheril, MCBS House, Perumanoor P.O, Kochi -15, Printed at Viani Printings, Kochi-18*